## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് - സ്ഥലംമാറ്റവും ജോലിയിൽ നിന്ന് വിടുതൽ ചെയ്തും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഈ ഓഫീസിലെ 12/07/2017 ലെ ഇതേ നമ്പർ ഉത്തരവ്.
2. പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയിലെ സൂപ്രണ്ടിന്റെ ഇ1-1380/17/സി.ഡി.എച്ച്.പി., തീയതി 18/07/2017.
3. ശ്രീമതി കെ. ജെ. പ്രിൻസിയുടെ 18/07/2017 ലെ അപേക്ഷ.

**ഉത്തരവ് നമ്പർ ഇ.ഡി1-9/2017/ആ.വ.ഡ,തീയതി 18/07/2017**

സൂചന (1) ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ടായി ഉദ്യോഗക്കയറ്റം നൽകി ഈ കാര്യാലയത്തിൽ നിയമിച്ച ശ്രീ. വി. എസ്. റെജി 17/07/2017 അപരാഹ്നത്തിൽ ഈ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചു. തിരുവനന്തപുരം പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രി സൂപ്രണ്ട് സൂചന (2) പ്രകാരം അവിടെ ഒഴിഞ്ഞു കിടക്കുന്ന ജൂനിയർ സൂപ്രണ്ട് .തസ്തിക അടിയന്തിരമായി നികത്തണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. ആയതിനാൽ 17/07/2017 അപരാഹ്നത്തിൽ ഈ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. വി. എസ്. റെജി യെ തിരുവനന്തപുരം പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിയിൽ ജൂനിയർ സൂപ്രണ്ടായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ടിയാൻ പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രി .സൂപ്രണ്ട് മുൻപാകെ ജോലിക്കായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സൂചന (1) ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് സ്ഥലംമാറ്റി നിയമിച്ച ഈ കാര്യാലയത്തിലെ പി.എൽ.എ. സെക്ഷനിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി കെ. ജെ. പ്രിൻസി ടിയാളെ 18/07/2017 അപരാഹ്നത്തിൽ ടി ഓഫീസിലെ ജോലികലിൽ നിന്ന് വിടുതൽ ചെയ്യണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. ടിയാളെ 18/07/2017 അപരാഹ്നത്തിൽ ഈ ഓഫീസിലെ ജോലികളിൽ നിന്ന് വിടുതൽ ചെയ്തുകൊണ്ടും ഉത്തരവാകുന്നു. ടിയാൾ ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) തൃശ്ശൂർ മുമ്പാകെ ജോലിക്കായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ജോലിയിൽ പ്രവേശിക്കുന്ന തീയതി അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്/-
സി. എം. അജയ മോഹൻ
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:-
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്:-
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)/ സൂപ്രണ്ട്, നെഞ്ചുരോഗ ആശുപത്രി, പുലയനാർകോട്ട, തിരുവനന്തപുരം.
3. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ/സൂപ്രണ്ട്, സാമൂഹികാരോഗ്യ കേന്ദ്രം ഒല്ലൂർ, തൃശ്ശൂർ- 01/07/2017 ൽ ഈ കാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ടായി ജോലിയിൽ പ്രവേശിച്ച ശ്രീമതി കെ. ജെ. പ്രിൻസിയുടെ സേവന പുസ്തകവും അവസാന ശമ്പള പത്രികയും അടിയന്തിരമായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്.
5. സൂപ്രണ്ട്, ബിൽ/പി.എൽ.ബി. സെക്ഷനുകൾ.
6. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്